# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3984

24-08-2017 ലെ മറുപടി

## തലശ്ശേരി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ വികസന പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എൻ.ഷംസീർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ചെയ്ത വികസന പ്രവൃത്തികൾ ഏതാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും തരംതിരിച്ച് വിശദീകരിക്കുമോ; | (എ) | **കേരള ജല അതോറിറ്റി**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.<br>1. നഗര വികസന പദ്ധതിയുടെ കീഴിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. (UIDSSMT) പദ്ധതി പ്രകാരം തലശ്ശേരി നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയ്ക്ക് 04-11-09 ൽ 4120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി 4 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. ഇതിൽ പാക്കേജ് I ജൂലായ് 2017 ലും പാക്കേജ് IV ഫെബ്രുവരി 2014 ലും പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് 2 പ്രവൃത്തിയിൽ എം-സോൺ, സി-സോൺ വിതരണശൃംഖലയുടെ ശാക്തീകരണവും മോറക്കുന്ന്, ചിറക്കക്കാവ് ജലസംഭരണികളുടെ നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ചിറക്കക്കാവ് ടാങ്കിന്റെ നിർമ്മാണത്തിനുള്ള സ്ഥലം തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്ന് ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ ഈ പ്രവൃത്തിക്ക് പുതുക്കിയ നിരക്ക് ആവശ്യപ്പെടുകയും 23-02-2017 ന് ചേർന്ന 57-ാമത് എംപവേഡ് കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തു. ഇതിനുശേഷം കരാറുകാരൻ ടാങ്കിന്റെ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ ബാക്കി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുവാദം പി.ഡബ്ല്യു.ഡി.യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇതിൽ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് തീരാത്ത റോഡും കൂടി ഉണ്ട്. പാക്കേജ് 3-ൽ ടി-സോൺ, കെ-സോൺ വിതരണ ശൃംഖലകളുടെ ശാക്തീകരണവും കൊടുവള്ളി, തലായി ജലസംഭരണികളുടെ നിർമ്മാണവുമാണ് |

ഉൾപ്പെട്ടിട്ടുള്ളത്. ഈ പാക്കേജിലുള്ള പ്രവൃത്തി വളരെ മന്ദഗതിയിലായിരുന്നതിനാൽ 57-ാമത് എംപവേഡ് കമ്മിറ്റി തീരുമാനപ്രകാരം കരാർ റദ്ദ് ചെയ്യുകയും പ്രവൃത്തി ഒറിജിനൽ കരാറുകാരന്റെ റിസ്ക് & കോസ്റ്റ് ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

2. സാർക്കിൽ അനുമതി ലഭിച്ച തലശ്ശേരി ശുദ്ധജലവിതരണ പദ്ധതിയുടെ ഇംപ്രൂവ്മെന്റിന്റെ ഭാഗമായുള്ള ട്രാൻസ്ഫോമർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**ജലസേചന വകുപ്പ്**

ജലസേചന വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ കണ്ടുചിറ കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ, എ.എസ്.ഇ പ്രവൃത്തി - തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ചാലിൽ ഇന്ദിരാ പാർക്ക് സി.പി.സ്റ്റോൺ 2173 ന് സമീപത്ത് 85 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അടിയന്തിര അറ്റകുറ്റപണി എന്നി രണ്ടു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തലശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകുകയും പ്രവൃത്തി ചെയ്യാനുള്ള എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തലശ്ശേരിയിൽ സി.പി.സ്റ്റോൺ 2175 ന് അടുത്ത് തകർന്ന കടൽ ഭിത്തിയുടെ അടിയന്തിര അറ്റകുറ്റപണികൾ-15 ലക്ഷം
2. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ പാലിശ്ശേരിയിൽ സി.പി.സ്റ്റോൺ 2182 ന് സമീപം തകർന്ന കടൽ ഭിത്തിയുടെ അറ്റകുറ്റപണികൾ - 15 ലക്ഷം
3. പരിമഠത്ത് കല്ലിൻതാഴെ ന്യൂമാഹി പഞ്ചായത്തിൽ സി.പി.സ്റ്റോൺ 2145 ന് തെക്ക് വശത്ത് തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി- 25 ലക്ഷം
4. ന്യൂമാഹി പഞ്ചായത്തിൽ സി.പി.സ്റ്റോൺ 2145 ന് അടുത്ത് പരിമഠത്ത് കല്ലിൻതാഴെ തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി - 40 ലക്ഷം

**ഭൂജലവകുപ്പ്**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2016-17 സാമ്പത്തികവർഷം) തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ 1,28,446/- രൂപ ചെലവഴിച്ച് കൃത്രിമഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ജലനിധി**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ജലനിധി പദ്ധതി നടപ്പാക്കാനായി ഒരു പഞ്ചായത്തിനെയും തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ, ബാച്ച് 2 ൽ കതിരൂർ പഞ്ചായത്തിനെ 2012 കാലയളവിൽ തെരഞ്ഞെടുക്കുകയും പദ്ധതി

| | | | |
|---|---|---|---|
| | | | പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു. ആകെയുള്ള 7 കുടിവെള്ള പദ്ധതികളിൽ നിന്നും 1444 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ഈ പദ്ധതി മുഖേന കുടിവെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | 2017-18 വർഷത്തിൽ പുതുതായി എന്തെങ്കിലും പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ ? | (ബി) | **<u>കേരള ജല അതോറിറ്റി</u>**<br><br>തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2016-17 ൽ ഉൾപ്പെടുത്തി വയലിളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി – പാർസിക്കുന്ന് ഉന്നതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തലശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട ചൊക്ലി ഗ്രാമപഞ്ചായത്തിലും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽപ്പെട്ട പാനൂർ നഗരസഭയിലെ ഏതാനും പ്രദേശങ്ങളിലും കുടിവെള്ള വിതരണത്തിനായി രൂപീകരിച്ച ചൊക്ലി ഗ്രാമപഞ്ചായത്തിനും സമീപ പ്രദേശങ്ങളിലേക്കുമുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി കിഫ്ബി 2017-18 ലുൾപ്പെടുത്തി 8350 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം വിട്ടു തരുന്നതിന് സാങ്കേതിക കാരണങ്ങളാൽ സമ്മതമല്ലെന്ന് നാരായണ ഗുരുകലവും തലശ്ശേരി ഗവൺമെന്റ് കോളേജ് അധികൃതരും അറിയിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സർവ്വേ പ്രകാരം മറ്റൊരു ഉചിതമായ സ്ഥലം സമീപപ്രദേശങ്ങളിൽ കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത സ്ഥലങ്ങൾ വിട്ടു കിട്ടുന്നതിന് പാനൂർ നഗരസഭ, ചൊക്ലി ഗ്രാമപഞ്ചായത്ത്, ജനപ്രതിനിധികൾ എന്നിവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>**<u>ജലസേചന വകുപ്പ്</u>**<br><br>ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് നിലവിലുള്ള ഇറിഗേഷൻ സ്ട്രക്ച്ചറിന്റെ പുനരുദ്ധാരണത്തിനായുള്ള പ്രവൃത്തികളുടെ ഡി.പി.ആർ (നദീതട അടിസ്ഥാനത്തിൽ) തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. കൂടാതെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ, പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കൽ എന്നിവ ആവശ്യകതയും ഫണ്ട് ലഭ്യതയുമനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. 2017-18 ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**